**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6075** **17-03-2023 - ൽ മറുപടിയ്ക്ക്**

**ഹോട്ടലുകളിലെ ജി.എസ്.ടി. വെട്ടിപ്പ് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഹോട്ടലുകളിലെ ജി.എസ്.ടി. വെട്ടിപ്പ് തടയുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാന ജി.എസ്.ടി ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം ഹോട്ടലുകൾ നടത്തുന്ന നികുതി വെട്ടിപ്പിനെ കുറിച്ചുള്ള തെളിവുകളും സൂചനകളും കിട്ടുന്ന മുറയ്ക്ക് നികുതി വെട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങളിൽ ജി.എസ്.ടി നിയമങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള പരിശോധനകൾ നടത്തുന്നുണ്ട്. ആയതിനെ തുടർന്ന് സമഗ്രമായ അന്വേഷണം നടത്തി നികുതി വെട്ടിപ്പുകാരിൽ നിന്നും ജി.എസ്.ടി നിയമ പ്രകാരമുള്ള നികുതിയും പലിശയും പിഴയും ഈടാക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ഹോട്ടലുടമകൾ ഉപഭോക്താവിന്റെ പക്കൽ നിന്നും ജി.എസ്.ടി. ഈടാക്കിയശേഷം നികുതി അടയ്ക്കാതെ വെട്ടിയ്ക്കുന്നു എന്ന പരാതി പരിഹരിക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | **ഹോട്ടലുകളുടെ നികുതി വെട്ടിപ്പുകളെ സംബന്ധിച്ച പരാതികൾ വകുപ്പ് പരിശോധിക്കുകയും തടയിടുന്നതിനായി 'ഓപ്പറേഷൻ മൂൺലൈറ്റ്' എന്ന പരിപാടി 29.06.2022-ൽ ആരംഭിക്കുകയും ഉപഭോക്താവിന്റെ പക്കൽ നിന്നും നികുതി പിരിച്ചിട്ടും ആയത് സർക്കാരിലേക്ക് അടയ്ക്കാത്തതായ കേസുകളിൽ ജി.എസ്.ടി. നിയമം അനുശാസിക്കുന്ന നികുതിയും പിഴയും പലിശയും അടക്കം ബന്ധപ്പെട്ടവരിൽ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള നടപടികൾ തുടർന്നും ഇത്തരം നികുതി വെട്ടിപ്പുകാർക്കെതിരെ വകുപ്പ് സ്വീകരിച്ചുവരികയാണ്.** |
| (സി) | സംസ്ഥാനത്തെ ഭക്ഷണ ശാലകളിൽ നിന്നും ജി.എസ്.ടി. പിരിയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് കാര്യക്ഷമമായി നിരീക്ഷിക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | **ജി.എസ്.ടി. നിയമപ്രകാരം ടേണോവർ പരിധിയിൽ രജിസ്ട്രേഷൻ എടുക്കുവാൻ ബാധ്യതയുള്ള സംസ്ഥാനത്തെ ഭക്ഷണശാലകൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോ എന്നും അവർ കൃത്യമായി റിട്ടേൺ ഫയൽ ചെയ്യുന്നതിലൂടെ സർക്കാരിലേക്ക് നികുതി അടക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനും സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ്** |

| | | | |
|---|---|---|---|
| | | | **ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം നിരന്തരം തിരച്ചിലുകളും ഇൻസ്പെക്ഷനുകളും നടത്തിവരുന്നു.** |

സെക്ഷൻ ഓഫീസർ